# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2626 18.06.2018 ൽ മറുപടിക്ക്**

**പാണ്ടിക്കാട് റസ്റ്റ് ഹൗസിന്റെ കെട്ടിടനിർമാണം**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ പാണ്ടിക്കാട് റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ പാണ്ടിക്കാട് റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വെ, സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ എന്നിവ ചെയ്യുന്നതിനു വേണ്ടി പ്രൈസ് സോഫ്റ്റ് വെയർ ഐ.ഡി നമ്പർ 2016/8392 പ്രകാരം 1,60,000 രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (ബി) ടി നിർമ്മാണ സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വെയും സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തിയായതിനു ശേഷം പൊതുമരാമത്ത് വകുപ്പ് ആർകിടെക്ചറൽ വിഭാഗം വഴി പ്ലാൻ തയ്യാറാക്കി സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കേണ്ടതുണ്ട്. ഇവ ലഭ്യമായതിനു ശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയതിനു ശേഷം കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും. |

| | |
|---|---|
| (സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ? | (സി) ടി പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമായതിനു ശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മാത്രമേ നിർമ്മാണ ചെലവ് എത്ര രൂപയാണെന്ന് വ്യക്തത ഉണ്ടാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**